പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3880 24-08-2017-ൽ മറുപടിക്ക്

## കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. എ.കെ.ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നിയമ സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ; | കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പതിനാല് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, 62 താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, 16 എഡിആർ സെന്ററുകളും 48 മീഡിയേഷൻ സബ് സെന്ററുകളും, 3 പെർമനന്റ് ലോക് അദാലത്തുകളും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ തുടങ്ങിയ ഇടങ്ങളിലായി 1324 ലീഗൽ എയ്ഡ് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഓഫീസിൽ പൊതുജനങ്ങൾക്കായി നിയമ സഹായത്തിനും നിയമോപദേശത്തിനുമായി 'സാകേതം' എന്ന പേരിൽ ഒരു നിയമ സേവന കേന്ദ്രം 15.08.2017 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ആർ ക്കെല്ലാമാണ് ഇതിന്റെ സേവനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | നിയമ സഹായത്തിന് അർഹരായ വിഭാഗങ്ങളെ താഴെ കൊടുക്കുന്നു.<br>1. സ്ത്രീകൾ<br>2. കുട്ടികൾ<br>3. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ<br>4. പ്രകൃതിക്ഷോഭത്തിനോ, വംശീയ |

| | | |
|---|---|---|
| | | അതിക്രമത്തിനോ ഇരയായവർ<br>5. വ്യവസായ തൊഴിലാളികൾ<br>6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ<br>7. വികലാംഗർ<br>8. നിർബന്ധിത വേലയ്ക്ക് വിധേയരാക്കപ്പെട്ടവർ; എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും.<br>9. മറ്റുള്ളവർക്ക് -/1,00,000രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായും സൗജന്യ നിയമസഹായം ലഭിക്കും.<br>(വരുമാന പരിധി 3,00,000/-ആയി വർദ്ധിപ്പിച്ച് കെൽസ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടുള്ള ഫയൽ ഇപ്പോൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്) |
| (സി) | കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് നിയമ സേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുമോ എന്ന് അറിയിക്കുമോ? | പുതുതായി രൂപകരിച്ചിട്ടുള്ള 12 താലൂക്കുകളിൽ കോടതികൾ പ്രവർത്തിക്കുന്ന 7 താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന ആവശ്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**